# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 20, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 362)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 2167 മുതൽ 2314 വരെ |
| ജലവിഭവകുപ്പുമന്ത്രി | 2315 മുതൽ 2385 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 2386 മുതൽ 2429 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 2430 മുതൽ 2457 വരെ |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 2458 മുതൽ 2528 വരെ |

### നാഷണൽ ഹെൽത്ത് മിഷൻ

2167 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് ഇതിന്റെ പരിധിയിൽപ്പെടുന്നത്;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം വിഭാഗക്കാർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

(ഡി) **ഏതെല്ലാം പ്രത്യേക പ്രോജക്ടുകളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ പദ്ധതി</u>

2168 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(ബി) പൊതുജനാരോഗ്യത്തെ ബാധിക്കുന്ന എന്തെല്ലാം വിഷയങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ അവസരം</u>**

**2169** **ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**,, എം. വി. ശ്രേയാംസ് കുമാർ**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി 2011 ഡിസംബർ ഒന്നു മുതൽ 31 വരെ അനുവദിച്ച സമയത്തിനുള്ളിൽ എത്ര ബി. പി. എൽ, എ. പി. എൽ കാർക്ക് കാർഡ് പുതുക്കുവാൻ സാധിച്ചു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

എസ്. എ. റ്റി. യിലെ നവജാത ശിശു മരണ നിരക്ക്

2170 ശ്രീ. ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ തിരുവനന്തപുരം എസ്. എ. റ്റി. യിലെ ഔട്ട് ബോൺ നഴ്സറിയിലേയും ഇൻബോൺ നഴ്സറിയിലേയും മരണനിരക്ക് ഉയർന്നതാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(സി) എന്തൊക്കെ പരിഹാരമാർഗ്ഗങ്ങളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം എസ്.എ.റ്റിയിലെ അണുബാധ</u>

2171 ശ്രീ. എം.എ. ബേബി
'' രാജു എബ്രഹാം
'' വി. ശിവൻകുട്ടി
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.റ്റിയിലെ അണുബാധ സംബന്ധിച്ച് ആരോഗ്യ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**എസ്.എ.ടി.യിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ നവജാത ശിശുക്കൾ മരണപ്പെട്ട വിവരം**

**2172 ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സംസ്ഥാനത്തെ ഏറ്റവും വലിയ ആശുപത്രിയായ എസ്.എ.ടി.യിൽ കഴിഞ്ഞ ഒരുവർഷത്തിനിടെ എത്ര നവജാത ശിശുക്കൾ മരണപ്പെട്ടു; അതിൽ ഒ.ബി.നഴ്സറി, ഐ.ബി. നഴ്സറി എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള അണുബാധയേൽക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലുള്ള ചില ജീവനക്കാർ രോഗികളോടും കൂടെ ഇരിക്കുന്നവരോടും മോശമായ പെരുമാറ്റമാണ് നടത്തുന്നതെന്ന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ആരോഗ്യ വകുപ്പിന് എന്തൊക്കെ നിർദ്ദേശം നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം എസ്. എ. റ്റി. ആശുപത്രിയിലും തൈക്കാട് ആശുപത്രിയിലുമായി മരിച്ച കുട്ടികളുടെ എണ്ണം.</u>

2173 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തീയറ്ററുകളിലും ലേബർ റൂമുകളിലുമുണ്ടായിട്ടുള്ള അണുബാധമൂലം സംസ്ഥാനത്താകെ എത്ര കുട്ടികൾ (ഐ. ബി. എൻ., ഒ. ബി. എൻ) മരണപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം നൽകുമോ;

(ബി) തിരുവനന്തപുരം എസ്. എ. റ്റി. ആശുപത്രിയിലും തൈക്കാട് ആശുപത്രിയിലുമായി എത്ര കുട്ടികൾ (ഐ. ബി. എൻ., ഒ. ബി. എൻ.) മരണപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം സംഭവിയ്ക്കുവാനിടയായിട്ടുള്ള സാഹചര്യങ്ങളെ സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ പഠനം നടത്തുമോ ? ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പാമ്പുവിഷ ചികിത്സാ സൗകര്യം</u>

2174 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ശരാശരി എത്ര പേർക്ക് പാമ്പു കടിയേൽക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പാമ്പു കടിയേറ്റ് ഓരോ വർഷവും എത്ര പേർ വീതം മരിക്കുന്നുണ്ടെന്ന് പറയാമോ;

(സി) പാമ്പു കടിയേറ്റ് ചികിത്സ തേടിയെത്തുന്നവർക്ക് സർക്കാർ ആശുപത്രികളിൽ എവിടെയൊക്കെയാണ് ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### <u>പെന്റാവാലന്റ് വാക്സിൻ കുത്തിവെപ്പ്</u>

2175 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെന്റാവാലന്റ് വാക്സിൻ കുത്തിവെപ്പിനെ തുടർന്ന് ഒരു കുട്ടി മരണപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാക്സിൻ കുത്തിവെയ്പ് കാരണമാണോ കുട്ടി മരണപ്പെടുവാൻ കാരണമായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാക്സിന്റെ ട്രയലിനായി കേരളത്തിലേയും തമിഴ്നാട്ടിലേയും കുട്ടികളെയാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾ</u>**

**2176 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികളിൽ നിന്നും രക്ത പരിശോധന മുതൽ സി. ടി. സ്കാൻ, എം. ആർ. ഐ. സ്കാൻ വരെയുള്ള വിവിധ പരിശോധനകൾക്ക് വൻ തുകകൾ ഓരോ ആശുപത്രികളും സ്വകാര്യ ലാബുകളും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ ആശുപത്രികളുടെ നിലവാരം വര്‍ദ്ധിപ്പിക്കാന്‍ നടപടി**

2177 ശ്രീ. വര്‍ക്കല കഹാര്‍
,, എ. റ്റി. ജോര്‍ജ്
,, വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളുടെ നിലവാരം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിലവാരം നിര്‍ണ്ണയിക്കുന്നത് ;

(സി) ഘട്ടം ഘട്ടമായി മുഴുവന്‍ ആശുപത്രികളുടേയും സേവന നിലവാരം ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>സർക്കാർ ആശുപത്രിയിലെ ജീവനക്കാരുടെ അപര്യാപ്തത</u>**

**2178 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രിയിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാൻ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്രപേർക്കാണ് സ്ഥിരം നിയമനം നൽകിയത്;

(സി) വിവിധ തസ്തികകളിൽ എത്രപേർക്കാണ് പ്രമോഷൻ നൽകിയത്;

(ഡി) എത്ര താത്ക്കാലിക നിയമനങ്ങളാണ് സ്ഥിരപ്പെടുത്തിയത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>സർക്കാർ ആശുപത്രികളിൽ ഡയാലസിസ് സംവിധാനം</u>**

**2179 ശ്രീ.എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര ആശുപത്രികളിലാണ് ഇനിയും നടപ്പാക്കാനുള്ളതെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ആശുപത്രികളുടെ അടിസ്ഥാന വികസനം**

2180 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനായി സബ്സെന്ററുകൾക്കും വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്കും മുൻ സർക്കാർ ഓരോ വർഷവും എത്ര തുക വീതം നൽകിയിരുന്നതായി അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം യഥാക്രമം എത്ര രൂപ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട്**

2181 ശ്രീ. പാലോട് രവി
,, കെ. ശിവദാസൻ നായർ
,, തേറമ്പിൻ രാമകൃഷ്ണൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ഡോ.ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഇതിൻമേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അലോപ്പതി മേഖലയിലെ ഡോക്ടർമാർ**

2182 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 2011 മാർച്ച് മാസത്തിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെ അലോപ്പതി മേഖലയിൽ സർവ്വീസിൽ ഉണ്ടായിരുന്ന ഡോക്ടർമാരുടെ എണ്ണം എത്രയായിരുന്നു;

(ബി) 2012 ഏപ്രിൽ മാസത്തിൽ സർവ്വീസിൽ ഉണ്ടായിരുന്ന അലോപ്പതി വിഭാഗത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ എണ്ണം എത്ര എന്ന് അറിയിക്കുമോ;

(സി) എത്ര ഡോക്ടർമാർ പ്രസ്തുത ഒരു വർഷത്തിൽ ലീവിൽ പ്രവേശിച്ചു; അനധികൃതമായി ജോലിക്ക് ഹാജരാവാത്ത ഡോക്ടർമാരുടെ എണ്ണം എത്രയാണ് ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### ഡോക്ടർമാരുടെ ഒഴിവുകൾ

2183 ശ്രീ. ഇ. പി. ജയരാജൻ
,, കെ. ദാസൻ
,, എം . ഹംസ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ അലംഭാവം കൊണ്ടാണ് ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ ഒഴിവു നികത്താൻ കഴിയാത്തതെന്നെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്താൻ എന്തു നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുളളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ഡോക്ടർമാരുടെ നിയമനത്തിനുള്ള കാലതാമസം</u>**

**2184** **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കണ്ണൂരിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവംമൂലം രോഗികൾ പ്രയാസമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കെ അതിൽ നിന്നും നിയമനം നടത്തുവാൻ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അവശ്യമരുന്നുകളുടെ വിലനിയന്ത്രണം</u>**

**2185 ശ്രീ. കെ.കെ.നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലനിയന്ത്രണശ്രമങ്ങളെ മറികടന്ന് അവശ്യമരുന്നുകളുടെ വില കുത്തനെ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ആധുനിക രോഗനിർണ്ണയ ഉപകരണങ്ങൾ</u>

2186 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ ഏതെല്ലാം രോഗനിർണ്ണയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് വിശദമാക്കുമോ;

(ബി) കൂടുതൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം**

2187 **ശ്രീമതി. ഇ. എസ്. ബിജിമോൾ**
**ശ്രീ. കെ. അജിത്**
**,, ഇ. കെ. വിജയൻ**
**,, പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹാർട്ട്ഫൗണ്ടേഷൻ സ്ഥാപിതമായതെന്നാണ്, ഈ ഫൗണ്ടേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഈ ഫൗണ്ടേഷന്റെ കീഴിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റ് ഏതാണ്;

(ഡി) കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നുതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>ക്യാൻസർ, ടി. ബി. രോഗങ്ങൾ ബാധിച്ചവർ</u>**

2188 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ക്യാൻസർ, ടി. ബി. രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്ന എത്ര രോഗികൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) ഇത്തരം രോഗങ്ങൾ വരാതിരിക്കാൻ വേണ്ടി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാൻസർ, ടി.ബി രോഗികൾക്കുള്ള പെൻഷൻ**

T 2189 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാൻസർ, ടി.ബി രോഗികൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷികവരുമാനപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരിധി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കാൻസർ, ടി. ബി പെൻഷൻ തുക നിലവിൽ എത്രയാണ്; ഇത് വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) നാദാപുരം മണ്ഡലത്തിൽ ഇപ്പോൾ എത്ര പേർക്ക് പ്രസ്തുത പെൻഷൻ ലഭക്കുന്നുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ജനറിക് വിഭാഗത്തിലെ സൗജന്യ മരുന്നുകൾ**

2190 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്ന് വിഭാഗത്തിൽ ഏതൊക്കെ മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്;

(ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് സൗജന്യമരുന്നുകൾ വിതരണം ചെയ്യുക എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിൽപ്പന കേന്ദ്രങ്ങൾ**

2191 ശ്രീ. എം. ചന്ദ്രൻ
,, സി. കൃഷ്ണൻ
,, കെ. കെ. നാരായണൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) എത്ര വിൽപ്പന കേന്ദ്രങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം പ്രവർത്തിക്കുന്നത് ;

(സി) ഇതിനായി ഇതുവരെ സർക്കാർ ചെലവാക്കിയ തുകയെത്ര ; മരുന്നുകൾക്കുള്ള സർക്കാർ സബ്സിഡി ഇനത്തിൽ എന്തു തുക ചെലവഴിച്ചു.;

(ഡി) എല്ലാ ജീവൻരക്ഷാ മരുന്നുകളും കാരുണ്യ ഫാർമസി വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഇ) നീതി മെഡിക്കൽ സ്റ്റോറുകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**മരുന്നുസംഭരണവും വിതരണവും**

**2192 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നു സംഭരണവും വിതരണവും നടത്തിവരുന്ന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത ജോലികൾ സ്വകാര്യമേഖലയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രികളിൽ യഥാസമയം മരുന്ന് എത്തിച്ചു നൽകേണ്ട ഉത്തരവാദിത്വം സ്വകാര്യ ഏജൻസിക്കു കൈമാറിയാൽ മരുന്നു വിതരണത്തെ ഇതു സാരമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>ഹൃദ്രോഗംമൂലം സംസ്ഥാനത്ത് ദിനംപ്രതി മരിക്കുന്ന ആളുകളുടെ എണ്ണം</u>**

**2193 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗംമൂലം സംസ്ഥാനത്ത് എത്രപേർ ദിനംപ്രതി മരിക്കുന്നുയെന്ന് പറയാമോ ; ഇത്തരത്തിൽ ഏറ്റവും കൂടുതൽ മരണപ്പെടുന്നതും കുറവ് മരണപ്പെടുന്നതും ഏതൊക്കെ ജില്ലക്കാരാണ് ;

(ബി) പ്രസ്തുത രോഗം ഏറ്റവും കൂടുതൽ വരാൻ സാധ്യത എത്ര വയസ്സിനുമുകളിലുള്ളവർക്കാണ്; നിലവിൽ ചെറുപ്പക്കാരിൽ എത്ര ശതമാനം രോഗബാധിതരാണ് ;

(സി) 1970-80 കാലഘട്ടത്തിൽ പ്രസ്തുത രോഗത്തിന്റെ നിരക്ക് എത്രയായിരുന്നു ; ആയത് ഇപ്പോൾ എത്ര ശതമാനമായി വർദ്ധിച്ചു ; നഗരങ്ങളിൽ ഇത് എത്ര ശതമാനമായി വർദ്ധിച്ചു ; വിശദമാക്കുമോ ;

(ഡി) ഹൃദ്രോഗമരുന്നിന് ഭീമമായ വിലയാണ് ഇപ്പോൾ രോഗികളിൽ നിന്നും മരുന്നു കച്ചവടക്കാർ ഈടാക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ശബരിമല മാസ്റ്റർ പ്ലാൻ**

2194 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം അപകടരഹിതവും മാലിന്യരഹിതവും ചൂഷണരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ശബരിമലക്കു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത് ഒരു ബൃഹദ് പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ശബരിമലയ്ക്കുവേണ്ടി ആരോഗ്യ പാക്കേജ്**

**2195** **ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുതായി എന്ത് ആരോഗ്യ പാക്കേജാണ് ശബരിമലയ്ക്ക് വേണ്ടി ഈ സർക്കാർ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി പ്രത്യേക ആരോഗ്യപാക്കേജ് നടപ്പാക്കുമെന്ന് സപ്തധാര പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ആയതിനായി പ്രത്യേകം ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

വ്യായാമം നടത്തുന്നതിന് ഗ്രൗണ്ടുകൾ

2196 ശ്രീ. പി തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ ആരോഗ്യ സംസ്കാരം വളർത്തിയെടുക്കുന്നതിൽ വ്യായാമം ഒരു പ്രധാന ഘടകമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാരായ ജനങ്ങൾക്ക് പണം മുടക്കിയുള്ള വ്യായാമം അപ്രാപ്യമായ ഒന്നാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാധാരണക്കാരായ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു വ്യായാമമുറ എന്ന നിലയിൽ കുറച്ചു സമയം നടക്കാനും ഓടാനും നാട്ടിൽ ഗ്രൗണ്ടുകളോ ട്രാക്കുകളോ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ ആരോഗ്യവകുപ്പ് പഞ്ചായത്ത്, മുൻസിപ്പൽ തലങ്ങളിൽ വാർഡുകൾ തോറുമോ, രണ്ടോ മൂന്നോ വാർഡുകൾ ഉൾപ്പെടുത്തിയോ സൗകര്യം ഉണ്ടാക്കുവാൻ അതാത് വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിൽ സ്കൂൾ ഗ്രൗണ്ടുകളും മറ്റ് പൊതു കളിസ്ഥലങ്ങളായി ഉപയോഗിക്കപ്പെടുന്ന സ്ഥലങ്ങളും വ്യായാമത്തിന് ഉപയോഗിക്കപ്പെടുന്ന സ്ഥലങ്ങളും രാവിലെയും വൈകുന്നേരവും ഒരു നിശ്ചിത സമയത്തേക്ക് പൊതു ജനങ്ങൾക്ക് വ്യായാമത്തിന് വിനിയോഗിക്കുവാൻ തക്കവിധത്തിൽ പദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വ്യായാമം നടത്തുന്നവർക്കായി റോഡിൽ പ്രത്യേക ഭാഗം**

T 2197 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ജീവിതശൈലികളും വ്യായാമക്കുറവും മൂലം മനുഷ്യരിൽ ബഹുഭൂരിപക്ഷം പേർക്കും ഒട്ടേറെ രോഗങ്ങളുണ്ടാകുന്നുണ്ടെന്നും ആയതിനെ ഒരളവുവരെ ചെറുക്കാൻ ദിവസേനയുള്ള നടപ്പ് പ്രയോജനപ്പെടുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ഒരു വ്യായാമമെന്ന നിലയ്ക്കും മറ്റ് ആവശ്യങ്ങൾക്കുവേണ്ടിയും മനുഷ്യർക്ക് നടന്നുപോകാവുന്നതല്ല നമ്മുടെ റോഡുകൾ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാൽനടയാത്രയ്ക്കായി എല്ലാ റോഡുകളിലും ഒരു പ്രത്യേക ഭാഗം ഒഴിച്ചിടുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കും വിധം നിയമനിർമ്മാണം നടത്തുന്നതിനും ആരോഗ്യ വകുപ്പ് ശ്രമിക്കുമോ ;

(ഡി) ഇന്ധനദൗർലഭ്യത്തിനെതിരെ ഒരു പരിഹാരം എന്ന നിലയിലും മേൽപ്പറഞ്ഞ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള മറ്റൊരു പരിഹാരം എന്ന നിലയിലും സൈക്കിൾ സവാരി ചെയ്യുന്നവരുടെ സംരക്ഷണത്തിന് ഉചിതമായ നിയമ നിർമ്മാണത്തിന് ആരോഗ്യ വകുപ്പ് ശ്രമിക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>'രാജീവ് ആരോഗ്യശ്രീ'</u>

2198 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 'രാജീവ് ആരോഗ്യശ്രീ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നത് ; വിശദമാക്കുമോ ;

(സി) എത്ര കുടുംബങ്ങളെ ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വിവിധ മെഡിക്കല്‍ കോളേജ് ആശുപത്രികളില്‍ ഏതെല്ലാം തസ്തികകള്‍ ഒഴിഞ്ഞു കിടക്കുന്നു ; എങ്കില്‍ പ്രസ്തുത ഒഴിവുകള്‍ പി.എസ്.സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്യുവാനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭക്ഷ്യസുരക്ഷാ നിയമം**

T 2199 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ ;

(ബി) ഇത്തരം ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് അനുയോജ്യമായ ഇളവുകളും വ്യവസ്ഥകളിൽ മാറ്റങ്ങളും അനുവദിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നറി യിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഫാസ്റ്റ് ഫുഡ് ഉയർത്തുന്ന പ്രശ്നങ്ങൾ**

T2200 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന ഫാസ്റ്റ് ഫുഡ് സംസ്ക്കാരം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംസ്ക്കാരം വളരാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങളിലൂടെ വിപണനം ചെയ്യപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) വില നിലവാരത്തിന്റെ കാര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഒരു ഏകീകരണ സ്വഭാവം നിലവിലില്ലാത്തതിനാൽ ഉപഭോക്താക്കൾ ചൂഷണത്തിനു വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫാസ്റ്റ് ഫുഡ് സംസ്ക്കാരം നിരുത്സാഹപ്പെടുത്തുന്നതിനും ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങൾ വിപണനം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളൊന്നുമില്ലെന്നും അവയ്ക്ക് ഈടാക്കുന്ന വില ന്യായമാണെന്നും ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അന്യസംസ്ഥാന ഭക്ഷ്യസാധനങ്ങളുടെ പരിശോധന കർശനമാക്കാൻ നപടികൾ</u>**

**2201 ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ഭക്ഷ്യസാധനങ്ങളുടെ പരിശോധന കർശന മാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് പറയാമോ;

(ബി) ഇത്തരത്തിൽ എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ പരിശോധന നടത്താൻ നിലവിൽ എത്ര ലാബുകളാണ് ഉള്ളത്;
അവ എവിടെയെല്ലാമാണ്;

(സി) ലാബുകളുടെ നവീകരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) അന്യസംസ്ഥാനത്തുനിന്നെത്തുന്ന ഇളനീർ ഉൾപ്പെടെ എല്ലാ ഭക്ഷ്യ സാധനങ്ങളിലും വിഷാംശവും മായവും കലർന്നാണ് എത്തുന്നത് എന്നുള്ള വസ്തുത ബോധ്യമായോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പത്തനംതിട്ട ജില്ലയിൽ സപ്തധാര പദ്ധതി</u>**

2202 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പ്രമേഹം, ഹൃദ്രോഗം, ക്യാൻസർ, ഹൈപ്പർ ടെൻഷൻ, എന്നിവയ്ക്ക് എതിരായ പ്രത്യേക പ്രതിരോധ പരിപാടി നടപ്പാക്കുമെന്ന് പറഞ്ഞ സപ്തധാര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**സപ്തധാരാ പദ്ധതിയിലെ പ്രഖ്യാപനം**

**2203 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിയോനേറ്റോളജി, ഇന്റൻസീവ് ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ തുടങ്ങുമെന്ന സപ്തധാരാ പദ്ധതിയിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിലേയ്ക്കായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന്</u>
<u>പകർച്ചവ്യാധികൾ തടയാൻ പദ്ധതി</u>

2204 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണം പൊതുവിൽ വിജയകരമായി നടക്കാതിരിക്കുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുള്ള എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പദ്ധതികൾ പുതുതായി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പകർച്ചപ്പനി നിയന്ത്രിക്കാൻ നടപടി</u>

2205 ശ്രീ. എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ശിവൻകുട്ടി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നിയന്ത്രണതീതമായതിനെ തുടർന്ന് ആരോഗ്യ വകുപ്പുമന്ത്രി ജൂൺ 7-ാം തിയതി വിളിച്ചു ചേർത്ത യോഗത്തിൽ എന്തൊക്കെ പരിഹാര നടപടികളാണ് നിർദ്ദേശിച്ചതെന്നറിയിക്കാമോ ;

(ബി) പ്രസ്തുത നടപടികളിലൂടെ പകർച്ചപ്പനി നിയന്ത്രണ വിധേയമായിട്ടുണ്ടോ; സംസ്ഥാനത്തെ ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട പനി ബാധിതരുടെയും മരണപ്പെട്ടവരുടെയും കഴിഞ്ഞ മൂന്നുമാസത്തെ കണക്കുകൾ ലഭ്യമാക്കുമോ ;

(സി) രോഗപ്രതിരോധത്തിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിയന്ത്രണാതീതമായ തോതിൽ പനി പടരാനുള്ള കാരണം മഴക്കാല പൂർവ്വ ശുചീകരണത്തിൽ വന്ന വീഴ്ച, മാലന്യ സംസ്കരണത്തിലെ ശുഷ്ക്കാന്തിയില്ലായ്മ എന്നിവ ആണെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>മഴക്കാലജന്യരോഗങ്ങൾ</u>

2206 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം സമാഗതമായിരിക്കെ മഴക്കാലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പി. എച്ച്. സി.കളിലും സി. എച്ച്. സി.കളിലും രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള പ്രതിരോധ മരുന്നുകളും രോഗശമന ഔഷധങ്ങളും ഹെൽത്ത് സെന്ററുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അടിയന്തിര ഘട്ടങ്ങളിൽ സഹായമെത്തിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>മഴക്കാലസമയത്ത് രോഗങ്ങൾ പടർന്ന് പിടിക്കാനുള്ള സാധ്യത</u>**

**2207 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മഴക്കാലത്ത് രോഗങ്ങൾ പടർന്ന് പിടിക്കാനുള്ള സാധ്യത മുൻനിർത്തി അഡ്മിനിസ്ട്രേറ്റീവ്, ജനറൽ കേഡറുകളിലെ ഡോക്ടർമാരുടെ സേവനകാലം വർദ്ധിപ്പിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ ഭാഗത്ത് ഉണ്ടോ?

**കേരള നിയമസഭ**

**20.06.2012 -ലെ മറുപടിക്ക്**

**മഴക്കാല രോഗങ്ങൾ തടയുവാൻ നടപടി**

2208 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാഭാഗത്തും മഴക്കാലരോഗങ്ങൾ തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**2011 മേയ് മാസത്തിന് ശേഷം രോഗങ്ങൾ പിടിപെട്ട് മരണമടഞ്ഞവരുടെ കണക്ക്**

2209 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിന് ശേഷം കോളറ, ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 എന്നീ രോഗങ്ങൾ പിടിപെട്ട് സംസ്ഥാനത്ത് എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ആദിവാസി മേഖലകളിൽ മാത്രം പ്രസ്തുത രോഗങ്ങൾ പിടിപെട്ട് എത്രപേർ മരിച്ചിട്ടുണ്ട്; മേഖലതിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ചേർത്തലയിലെ ജനങ്ങളെ മഴക്കാല രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി**

2210 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ പകർച്ചവ്യാധികളും പകർച്ചപ്പനികളും പടർന്നുപിടിച്ച മേഖല എന്ന നിലയിൽ ചേർത്തലയിലെ ജനങ്ങളെ മഴക്കാല രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) ചേർത്തല താലൂക്കിലെ വിവിധ ആശുപത്രികളിൽ അയതിന് വേണ്ടി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നും ഡോക്ടർമാർ, മറ്റ് സൗകര്യങ്ങൾ എന്നിവ അധികമായി ആയതിനുവേണ്ടി അനുവദിച്ചത് എത്ര വീതമെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ</u>**

**2211 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച അടിയന്തിര നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വർഷകാല ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ എത്തിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പകർച്ചപ്പനി</u>

2212 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എച്ച്1, എൻ1 ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി എന്നിവ ബാധിച്ച് സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലുമായി എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ ഒരു മാസത്തിനകം പ്രസ്തുത രോഗം ബാധിച്ച് സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മലമ്പനി പടരുന്നത് തടയാൻ പദ്ധതി**

2213 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തിരുന്ന മലമ്പനി വീണ്ടും ശക്തിയോടെ തിരിച്ചു വന്നുകൊണ്ടിരിക്കുകയാണോ ; ആണെങ്കിൽ ഇതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മലമ്പനി പടരുന്നതിനെ തടയുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനും നടപടി</u>

2214 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, ഡോ. എൻ. ജയരാജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി നിലവിൽ എന്തെല്ലാം ആരോഗ്യ പരിപാടികളാണ് സംസ്ഥാനത്തുള്ളത്;

(ബി) പ്രസ്തുത പൊതുജനാരോഗ്യ പരിപാടിക്കു കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണ്;

(സി) 2012 -13 സാമ്പത്തിക വർഷം ഇപ്രകാരം ജീവിതശൈലി രോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; കഴിഞ്ഞ വർഷം ഈ ഇനത്തിൽ ചെലവഴിച്ച തുകയെത്ര ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പനി വാർഡുകൾ</u>

2215 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ ആശുപത്രികളിലും പനി വാർഡുകൾ ആരംഭിക്കുമോ ;

(ബി) പകർച്ച ബാധിത പ്രദേശങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുമോ ;

(സി) ആയതിനായി ദ്രുതകർമ്മസേന രൂപീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് പനി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ഡെങ്കിപ്പനി വ്യാപിക്കുന്നതായ പത്രവാർത്തകൾ**

**2216 ശ്രീ. കെ. സുരേഷ് കുറുപ്പ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **തലസ്ഥാനനഗരത്തിലടക്കം സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ ഡെങ്കിപ്പനി വ്യാപിക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഡെങ്കിപ്പനി ബാധിച്ച് ആശുപത്രികളിൽ എത്തുന്നവരുടെ എണ്ണം കൂടിവരുന്നതായ ആശുപത്രി അധികൃതരുടെ റിപ്പോർട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ;**

(സി) **എങ്കിൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ?**

**കേരള നിയമസഭ**

**20.06.2012 -ലെ മറുപടിക്ക്**

**<u>പനിക്ക് ചികിത്സ തേടി സംസ്ഥാനത്തെ സര്‍ക്കാര്‍-സ്വകാര്യ ആശുപത്രികളില്‍ എത്തിയവരുടെ എണ്ണം</u>**

**2217** ശ്രീ. ഇ.പി. ജയരാജന്‍

,, എ. പ്രദീപ്കുമാര്‍

,, കെ.കെ. ജയചന്ദ്രന്‍

,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2012 ജൂണ്‍ ഒന്നു മുതല്‍ പനിക്ക് ചികിത്സ തേടി സംസ്ഥാനത്തെ സര്‍ക്കാര്‍-സ്വാകര്യ ആശുപത്രികളില്‍ എത്തിയവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുന്‍വര്‍ഷങ്ങളിലേതില്‍ നിന്നും വളരെ വര്‍ദ്ധിച്ച തോതില്‍ പനി പടരാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കായംകുളം മണ്ഡലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കൊതുക് ജന്യ രോഗങ്ങളുടെ വിശദാംശങ്ങൾ</u>**

**2218**

**ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായം കുളം മണ്ഡലത്തിൽ കൃഷ്ണപുരം, പത്തിയൂർ, ഭരണിക്കാവ്, ചെട്ടികുളങ്ങര, കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ട കൊതുക് ജന്യ രോഗങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് ആവശ്യമായ ജീവനക്കാരുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ സ്വകാര്യ മെഡിക്കല്‍ ലാബുകള്‍</u>**

**2219 ശ്രീ. ബാബു എം. പാലിശ്ശേരി**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **സംസ്ഥാനത്ത് എത്ര സ്വകാര്യ മെഡിക്കല്‍ ലാബുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;**

(ബി) **ഇവയുടെ പ്രവര്‍ത്തനങ്ങളില്‍ സര്‍ക്കാരിനുള്ള നിയന്ത്രണങ്ങള്‍ എന്തൊക്കെയാണ്?**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളിലെ ലാബ് സൗകര്യങ്ങള്‍ മെച്ചപ്പെടുത്താന്‍ നടപടി</u>**

**2220 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുല്ലുവിള, വിഴിഞ്ഞം എന്നീ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളിലെ ലാബ് സൗകര്യങ്ങള്‍ മെച്ചപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ അതിന്‍മേല്‍ എന്ത് നടപടികള്‍ സ്വീകരിച്ചു;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്ക് കേന്ദ്ര അംഗീകാരം</u>**

**2221 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരത്താരംഭിച്ച റ്റി. ബി. നിർണയത്തിനുള്ള ഇന്റർമിഡിയറ്റ് റഫറൻസ് ലാബിന് കേന്ദ്ര അംഗീകാരം ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആ കാലയളവിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലാബോറട്ടറീസിന്റെ അംഗീകാരത്തിനായി നവീകരിച്ച 363 ലബോറട്ടറികൾക്കും അംഗീകാരം ലഭിച്ചിരുന്നോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പബ്ലിക് ഹെൽത്ത് ലാബറട്ടറികൾ കേന്ദ്ര അംഗീകാരത്തിനായി സജ്ജമാക്കിയിട്ടുണ്ട്; അതിൽ എത്ര എണ്ണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ക്ലിനിക്കുകളുടേയും ലാബുകളുടേയും നിയന്ത്രണം**

**2222 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന തരത്തിൽ സംസ്ഥാന വ്യാപകമായി സ്വകാര്യ ലാബുകൾ, ക്ലിനിക്കുകൾ, ആശുപത്രികൾ തുടങ്ങിയവ യഥേഷ്ടം പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നതിനായി ജില്ലാ മെഡിക്കലാഫീസറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുമോ;

(സി) സ്വകാര്യ ലാബുകളുടെ നിരക്കുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മഴക്കാലപൂർവ്വ രോഗങ്ങളുണ്ടാകാതിരിക്കാൻ മാവേലിക്കര മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ**

**2223 ശ്രീ. ആർ രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഴക്കാല ശുചീകരണത്തിന് ഒരു വാർഡിൽ കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചു; എല്ലാ വാർഡുകൾക്കും പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ; ഈ വർഷം എത്ര തുക അനുവദിച്ചു; തുക വിതരണം നടത്തിയിട്ടുണ്ടോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഓരോ പ്രവർത്തനത്തിനും ചെലവഴിച്ച തുക എത്ര?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി മാനേജ്മെന്റ്**

2224

ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികളെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദ മാക്കുമോ;

(ബി) ആയതിനായി മൾട്ടി ഡിസിപ്ലിനറി മാനേജ്മെന്റ് യൂണിറ്റുകൾ സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതര യൂണിറ്റുകളിൽ വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ മേഖലയിലെ പുതിയ മെഡിക്കല്‍ കോളേജുകള്‍**

2225 ശ്രീ. കെ. മുരളീധരന്‍
,, ജോസഫ് വാഴക്കന്‍
,, എം.എ. വാഹീദ്
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ മേഖലയില്‍ പുതുതായി ആരംഭിക്കുന്ന മെഡിക്കല്‍ കോളേജുകള്‍ യാഥാര്‍ത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആയതിനായി നിയോഗിച്ച സ്പെഷ്യല്‍ ഓഫീസറുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ മെഡിക്കല്‍ കോളേജുകളില്‍ എത്ര രോഗികളെ കിടത്തി ചികിത്സിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പുതിയ മെഡിക്കല്‍ കോളേജുകള്‍ക്കുള്ള സ്ഥലമെടുപ്പിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്;

(ഇ) നിര്‍ദ്ദിഷ്ട മെഡിക്കല്‍ കോളേജുകളുടെ ഭരണനിയന്ത്രണം ആര്‍ക്കാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ**

2226 **ശ്രീ. സി.പി മുഹമ്മദ്**
**,, പാലോട് രവി**
**,, അൻവർ സാദത്ത്**
**,, സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ആയത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(സി) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ആയത് തുടങ്ങുന്നതിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാകുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പരിയാരം മേഡിക്കൽ കോളേജിന് സമീപം നിർമ്മിച്ച ഔഷധത്തോട്ടം</u>**

**2227 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിന് സമീപം ഔഷധിയുടെ കീഴിൽ നിർമ്മിച്ച ഔഷധത്തോട്ടത്തിൽ എന്തൊക്കെ തരത്തിൽപ്പെട്ട ഔഷധച്ചെടികളാണ് കൃഷി ചെയ്തിട്ടുള്ളത്; ഇവിടെ എത്ര ഏക്കർ ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത ഔഷധത്തോട്ടം സംരക്ഷിക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഔഷധത്തോട്ടം സംരക്ഷിക്കാൻ ജീവനക്കാരില്ലാത്തതിനാൽ ഔഷധത്തോട്ടം നശിച്ചുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 –ലെ മറുപടിക്ക്

**<u>കോഴിക്കോട് മെഡിക്കല്‍ കോളേജില്‍ പി.എം.എസ്.എസ്. വൈ. പദ്ധതിയുടെ അംഗീകാരം</u>**

**2228 ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് മെഡിക്കല്‍ കോളേജിന് പി.എം.എസ്.എസ്.വൈ പദ്ധതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയില്‍ കേന്ദ്ര സംസ്ഥാന സര്‍ക്കാരുടെ വിഹിതം എത്രയാണെന്ന് പറയാമോ ; സംസ്ഥാന വിഹിതം നീക്കിവെച്ചിട്ടുണ്ടോ ; അതില്‍ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പുതിയ മെഡിക്കൽ കോളേജുകൾ**

2229

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ മെഡിക്കൽ കോളേജുകളുടെ നിർമ്മാണം**

2230

**ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് , ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ആയത് എന്ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ ;

(സി) ഇവയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ**

**2231 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അത് ഏതൊക്കെയെന്നും വിശദമാക്കുമോ ;

(സി) ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അടച്ചുപൂട്ടിയ മേലാറന്നൂർ ഗവ. ക്വാർട്ടേഴ്സിലെ ഹെൽത്ത് ക്ലിനിക്ക്**

**2232 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ എന്നാണ് ഹെൽത്ത് ക്ലിനിക് അനുവദിച്ച് ഉത്തരവായതെന്ന് പറയാമോ;

(ബി) എത്ര ജീവനക്കാരെയാണ് ഇവിടെ നിയമിച്ചത്;

(സി) നിലവിൽ ക്ലിനിക് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇല്ലെങ്കിൽ കെട്ടിക്കിടന്ന് കാലഹരണപ്പെട്ടുപോയ മരുന്നുകളുടെ നഷ്ടം ആരിൽ നിന്ന് ഈടാക്കും;

(ഡി) ക്ലിനിക്ക് പ്രവർത്തിപ്പിക്കുന്നതിനായി അനുവദിച്ച ക്വാർട്ടർ ആരോഗ്യവകുപ്പ് തിരിച്ചേൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്തുകൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ഇ) ഹെൽത്ത് ക്ലിനിക് പ്രവർത്തിക്കുന്നില്ലായെങ്കിൽ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്നു മുതൽ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

2233 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുന്നയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) തീരദേശത്തെ ജനങ്ങളുടെ ആവശ്യം അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(സി) രണ്ടു കെട്ടിടങ്ങൾ കിടത്തി ചികിത്സ നടത്തുന്നതിന് സൗകര്യപ്രദമായ നിലയിൽ നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി</u>

2234 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യകേന്ദ്രം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ആയത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം തന്നെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മടവൂർ പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

2235 **ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ മടവൂർ പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**<u>സി. എച്ച്. സി. കളെ താലൂക്ക് ആശുപത്രിയായി ഉയർത്തിയ നടപടി</u>**

**2236 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര സി. എച്ച്. സി. കളെയാണ് താലൂക്കാശുപത്രിയായി ഉയർത്തിയതെന്നും എത്ര പി. എച്ച്. സി. കളെ സി. എച്ച്. സി. കളായി ഉയർത്തിയെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ സി. എച്ച്. സി. കളെയോ പി. എച്ച്. സി. കളെയോ അപ് ഗ്രേഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഏതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**തവനൂര്‍ മണ്ഡലത്തിലെ സി. എച്ച്. സി.**

**2237 ഡോ. കെ. ടി. ജലീല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തവനൂര്‍ മണ്ഡലത്തില്‍ നിലവില്‍ എത്ര സി. എച്ച്. സി. ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) സി. എച്ച്. സി.കളിലെ ഡോക്ടര്‍മാരടക്കമുള്ള ജീവനക്കാരുടെ പാറ്റേണ്‍ എങ്ങിനെയാണെന്ന് വിശദമാക്കുമോ;

(സി) ഈ സ്റ്റാഫ് പാറ്റേണ്‍ അനുസരിച്ചുള്ള ജീവനക്കാര്‍ മണ്ഡലത്തിലെ സി. എച്ച്. സി.കളില്‍ ഇല്ല എന്നുള്ള കാര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**എരുമപ്പെട്ടി സി.എച്ച്.സി. യുടെ അടിസ്ഥാന സൗകര്യ വികസനം**

**2238 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എരുമപ്പെട്ടി സി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവിടെ ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനത്തിന് ആരോഗ്യവകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) എരുമപ്പെട്ടി സി.എച്ച്.സി.യിൽ പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാർ അടക്കമുള്ള മെഡിക്കൽ-പാരാമെഡിക്കൽ തസ്തികകൾ അനുവദിക്കുന്നതിനും, ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ സ്പെഷ്യാലിറ്റി കേഡറിലേക്ക് ഉയർത്താൻ നടപടി**

2239 **ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണ് സ്പെഷ്യാലിറ്റി കേഡറിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) പുതുതായി എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം ആശുപത്രികളിൽ ലഭ്യമാവുക; വിശദമാക്കുമോ;

(സി) ആയത് എന്ന് മുതൽ പ്രവർത്തനം ആരംഭിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>മങ്കട, പുഴക്കാട്ടിരി സി.എച്ച്.സി.കളിലെ തസ്തികകൾ</u>

2240 ശ്രീ. റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിന് (സി.എച്ച്.സി.) വേണ്ട സ്റ്റാഫ് പാറ്റേൺ (ഡോക്ടർമാരടക്കം) എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മങ്കട മണ്ഡലത്തിലെ മങ്കട, പുഴക്കാട്ടിരി (സി.എച്ച്. സി.)യിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പകർച്ചവ്യാധികൾ പടരുന്ന മഴക്കാലത്തിന് മുൻപ് ആവശ്യത്തിന് ജീവനക്കാരെ പ്രസ്തുത സി.എച്ച്.സി.കളിലും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ താലൂക്ക് ആശുപത്രിയിലെ തസ്തികകൾ**

**2241 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താലൂക്ക് ആശുപത്രിയിലും കമ്മ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിന്നും ഡെപ്യൂട്ടേഷൻ/വർക്ക് അറേഞ്ച്മെന്റ് വാങ്ങി മറ്റു സ്ഥലങ്ങളിലേക്കു പോയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തിര നിയമനം നടത്തുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>'ട്രോമാകെയർ' യൂണിറ്റുകൾ</u>**

**2242 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ ആശുപത്രികളിൽ 'ട്രോമകെയർ' യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക 2012 മാർച്ച് 31 വരെ ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഐരാണിമുട്ടം അലോപ്പതി ആശുപത്രിയുടെ വികസനം**

**2243 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ഐരാണിമുട്ടം അലോപ്പതി ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു പറയാമോ ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനും ആധുനികവൽക്കരണത്തിനുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>ഗൈനക്കോളജി തീയറ്റർ തുടങ്ങാൻ നപടപടി</u>**

**2244** **പ്രൊഫ. സി. രവീന്ദ്രനാഥ്**

